(ബി) പ്രസ്തുത ആയുർവേദ ആശുപത്രിയിൽനിന്നും ആദിവാസികൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആശുപത്രിയുടെ സേവനം മറ്റ് വിഭാഗക്കാർക്കുകൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പട്ടികവർഗ്ഗക്കാർക്ക് ആയുർവേദ ചികിത്സ നൽകുന്നതിന് വേണ്ടി പട്ടിക വർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന തരിയോട് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നുള്ള ഒരു ഡോക്ടറും ഫാർമസിസ്റ്റും പട്ടികവർഗ്ഗ വികസന വകുപ്പിലെ അറ്റന്ററും പാർട്ട് ടൈം സ്വീപ്പറും ഉൾപ്പെടെ 4 ജീവനക്കാർ ജോലി ചെയ്യുന്നു. ഈ സ്ഥാപനത്തിൽ എത്തുന്ന ഔട്ട് പേഷ്യന്റ്മാർക്ക് ചികിത്സയും മരുന്നും നൽകുന്നതോടൊപ്പം പട്ടിക വർഗ്ഗ സങ്കേതങ്ങൾ സന്ദർശിച്ച് മെഡിക്കൽ ക്യാമ്പ് നടത്തി ആവശ്യമായ മരുന്ന് വിതരണം നടത്തുകയും ചെയ്യുന്നു. പ്രതിമാസം ഏകദേശം 750-ഓളം രോഗികളെ ചികിത്സിയ്ക്കുന്നുണ്ട്. രാവിലെ 9 മണി മുതൽ 1 മണി വരേയും ഉച്ചയ്ക്ക് 2 മണി മുതൽ 3 മണിവരേയുമാണ് ഡിസ്പെൻസറിയുടെ പ്രവൃത്തി സമയം. ചികിത്സ ആവശ്യമായവർക്കും അതിനായി ധനസഹായം ലഭ്യമാക്കുന്നതിനും മെഡിക്കൽ സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകുകയും വിദഗ്ധ ചികിത്സയ്ക്ക് പോകുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

(സി) നിലവിൽ ജനറൽ വിഭാഗക്കാർക്കും ഈ സ്ഥാപനത്തിൽനിന്നും ചികിത്സ നൽകുന്നുണ്ട്. ഈ ആവശ്യത്തിനായി പഞ്ചായത്ത് പ്രത്യേക ഫണ്ട് അനുവദിച്ചതിൽനിന്നും ജനറൽ വിഭാഗത്തിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ച് ചികിത്സ നടത്തിവരുന്നു.

മൈക്രോ ബയോളജി അദ്ധ്യാപക നിയമനം

22 (4133) ശ്രീ. കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഏതെല്ലാം പാരാമെഡിക്കൽ കോഴ്സുകളാണ് നടത്തിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ മൈക്രോബയോളജി കോഴ്സിന്റെ അദ്ധ്യാപക തസ്തികയ്ക്കുള്ള യോഗ്യതകൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത യോഗ്യതയുള്ള നോൺ മെഡിക്കൽ വിഭാഗം ജീവനക്കാർക്ക് മൈക്രോബയോളജി അദ്ധ്യാപക തസ്തികയിലേക്ക് തസ്തിക മാറ്റംവഴി നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ നടത്തപ്പെടുന്ന പാരാമെഡിക്കൽ കോഴ്സുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മൈക്രോ ബയോളജി കോഴ്സ് കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലൊന്നും നിലവിൽ നടത്തുന്നില്ല. ആയതിനാൽ ടി കോഴ്സിന്റെ അദ്ധ്യാപക തസ്തികയ്ക്കുള്ള യോഗ്യതകൾ സംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

സർക്കാർ ആശുപത്രികളിലെ വന്ധ്യതാ ചികിത്സാസൗകര്യം

23 (722) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ വന്ധ്യതാ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) ജില്ലാ/താലൂക്ക് ആശുപത്രികളിൽ വന്ധ്യതാ ചികിത്സയ്ക്ക് മതിയായ സൗകര്യം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ഡി) വന്ധ്യതാചികിത്സാ രംഗത്തെ ആധുനിക സൗകര്യങ്ങൾ സർക്കാർ മേഖലയിൽ ഏർപ്പെടുത്തുന്നതിലെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും വന്ധ്യതാ ചികിത്സയ്ക്കുള്ള സൗകര്യമുണ്ട്. എന്നാൽ പ്രസ്തുത ചികിത്സയുടെ ഭാഗമായ ഐ.വി.എഫ്. നടത്തുന്നതിനുള്ള സൗകര്യം നിലവിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ മാത്രമേയുള്ളൂ. ആരോഗ്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും തൃശ്ശൂർ ജില്ലാ ആശുപത്രിയിലും, മെച്ചപ്പെട്ട വന്ധ്യതാ ചികിത്സാ സൗകര്യം നിലവിലുണ്ട്.

(ബി-ഡി) കേന്ദ്ര ഗവൺമെന്റിന്റെ നൂതന പദ്ധതിയായ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ഇൻഫർട്ടിലിറ്റി നടപ്പിലാക്കുമ്പോൾ ജില്ലാ/താലൂക്ക് ആശുപത്രികളിൽ സ്ക്രീനിംഗ് ടെസ്റ്റുകൾ, ഡയഗ്നോസ്റ്റിക് ലാപ്രോസ് കോപ്പി, ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ എന്നിവ നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.